# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.324 — 24.02.2016 - ൽ മറുപടിയ്ക്ക്

## പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |

എ) പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ പ്രസിഡന്റ് ഒപ്പു വെക്കാതെ തിരിച്ചയച്ച സാഹചര്യത്തിൽ സംസ്ഥാന സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

ബി) പ്രസ്തുത ബിൽ അനിശ്ചിതത്വത്തിലായതിനാൽ ബില്ലിൽ ശിപാർശ ചെയ്ത സമാശ്വാസ സഹായത്തിലെ ഒരുഭാഗം ഇടക്കാലാശ്വാസമെന്നനിലയിൽ പ്രഖ്യാപിക്കാൻ തയ്യാറാണോ; വ്യക്തമാക്കാമോ ?

എ) യും ബി) യും 2011-ലെ ദേശീയ ഹരിത ട്രിബ്യൂണൽ ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള നിയമവുമായി പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾ പൊരുത്തപ്പെടുന്നില്ലെന്നും മറ്റും ചൂണ്ടിക്കാട്ടി ബിൽ പിൻവലിക്കുവാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം നിർദ്ദേശിക്കുകയും തുടർന്ന് ബിൽ മടക്കി അയക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ തിരികെ അയച്ചതിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടി പ്രസ്തുത ബിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനായി 19/09/2015 ൽ വീണ്ടും അയക്കുകയുണ്ടായി. എന്നാൽ ബില്ലിൽ "I withhold assent from this Bill" എന്ന് രേഖപ്പെടുത്തി ബഹുമാനപ്പെട്ട രാഷ്ട്രപതി പ്രസ്തുത ബിൽ തിരികെ അയക്കുകയായിരുന്നു. ഇക്കാര്യം സർക്കാർ നിയമസഭയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി എന്തുമാർഗ്ഗം സ്വീകരിക്കാമെന്ന് സർക്കാർ നിയമ വിദഗ്ധരുമായി കൂടി ആലോചിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ